# കുഞ്ഞു ഷെഫ് ഹയാൻ അബ്ദുല്ല



• റഫീസ് മാറഞ്ചേരി

ചപ്പാത്തിക്ക് കുഴച്ച മാവിൽ നിന്നും അൽപമെടുത്ത് ഉമ്മയെ അനുകരിച്ച് ചെറിയ ഉരുളയാക്കാൻ ശ്രമിച്ച മൂന്നു വയസ്സുകാരൻ ഹയാൻ അബ്ദുല്ല എന്ന മകനോട് ഉമ്മ റഷ പറഞ്ഞത് മറ്റുള്ളവരെപ്പോലെ ‘മോനേ, അതവിടെ വെക്ക്.. വേണ്ടാ...’ എന്നല്ല.

എങ്ങനെ മാവ് കുഴക്കണം, എങ്ങനെ ഉരുളയാക്കണം, എങ്ങനെ പരത്തിയെടുക്കണം എന്ന പാചകകലയിലെ ബാലപാഠങ്ങളാണ്. അതിനു മുമ്പേ കുഞ്ഞു കസേരയിൽ കയറി നിന്ന് ഉമ്മക്ക് പാത്രങ്ങൾ കഴുകിക്കൊടുത്താണ് ഹയാൻ അടുക്കളബന്ധം തുടങ്ങുന്നത്.

ചെന്നൈയിൽ സ്ഥിരതാമസമാക്കിയ പയ്യോളി എ.പി ഹൗസിലെ ഹഷ്നാസിന്റെയും മാറഞ്ചേരി സ്വദേശിനി റഷയുടെയും മകനാണ് ഹയാൻ. പിതാവും മാതാവും ചേർന്ന് നയിക്കുന്ന ചെന്നൈ ‘റാവുത്തർ ബിരിയാണി’യെന്ന ഹോട്ടൽ ശൃംഖലയിലെ പാരമ്പര്യമെന്നോണം കിട്ടിയ പാചക നൈപുണ്യത്തെ വീട്ടുകാർ കണ്ടറിഞ്ഞു പ്രോത്സാഹിപ്പിച്ചപ്പോഴാണ് ഹയാൻ എന്ന കൊച്ചു പാചക വിദഗ്ധൻ രൂപപ്പെട്ടത്.

ചോക്ലേറ്റ് പൊടിയും മിൽക്ക് മെയ്ഡും ചേർത്തുകൊണ്ടുള്ള ചോക്ലേറ്റ് ബോൾ ഉണ്ടാക്കുന്ന വീഡിയോ അപ്‌ലോഡ് ചെയ്തു കൊണ്ടാണ് സോഷ്യൽ മീഡിയയിൽ



മാറഞ്ചേരി ഫെസ്റ്റിൽനിന്ന് കിട്ടിയ ബഹുമതിയുമായി ഹയാൻ അബ്ദുല്ല

കുക്കറി ഷോകളുമായി ഹയാൻ ഹരിശ്രീ കുറിക്കുന്നത്. കഴിഞ്ഞ ആറു മാസത്തിനിടെ 'ഹയാൻ ഡെലിക്കസി' എന്ന പേരിലുള്ള യൂട്യൂബ് പേജിലും ഫേസ്ബുക്ക് പേജിലും നാൽപതോളം പാചക വീഡിയോകൾ അപ്‌ലോഡ് ചെയ്തുകഴിഞ്ഞു.

അതിൽ അവിയലും കായപ്പോളയും മുട്ടമാലയും മുട്ടസുർക്കയും ഹൈദരാബാദ് ബിരിയാണിയും ചിക്കൻ മന്തിയും ബദാം ഖീറുമൊക്കെ ഉൾപ്പെടും.

കുക്കറി ഷോകളിലൂടെ വിവിധ രുചി വിഭവങ്ങളെ പരിചയപ്പെടുത്തുക എന്ന കടമ കൂടി നിർവഹിക്കുന്നുണ്ട് കൊച്ചു പാചക വിദഗ്ധൻ ഹയാൻ. കേരളീയരുടെ വിഭവങ്ങൾ തമിഴർക്കിടയിൽ പ്രചരിപ്പിക്കുന്നതിനായി തമിഴിലും തമിഴ്നാട്ടുകാരുടെ വിഭവങ്ങൾ മലയാളത്തിലും അപ്‌ലോഡ് ചെയ്യും.

അപ്രകാരം മൈസൂർ പാക്ക് മലയാളത്തിലും കോഴിക്കോട്ടുകാരുടെ സ്വന്തം നെയ്ച്ചോറ് തമിഴിലും അവതരിപ്പിച്ചിട്ടുണ്ട്. മാതാവ് റഷ വീഡിയോ പകർത്തുമ്പോൾ അത് സോഷ്യൽ മീഡിയയിൽ അപ്‌ലോഡ് ചെയ്യുന്നതും പ്രോത്സാഹനം നൽകുന്നതും വല്യുമ്മയാണ്.

ഒരു കൊച്ചു ബാലന്റെ എല്ലാ നാണവും കുസൃതിയും അടങ്ങിയ ഹയാൻ പാചകം തുടങ്ങിയാൽ, വേഗത്തിൽ വിഭവം തയ്യാറാക്കുകയും ആവശ്യമെങ്കിൽ വ്യക്തതയോടെ വിശദീകരണം നൽകുകയും ചെയ്യുന്നത് കാണുമ്പോൾ ആവിപറക്കുന്ന വിഭവം പോലെ കാഴ്ചക്കാരിൽ അത്ഭുതം നിറയും.

പല വിദേശ വിഭവങ്ങളും ഹയാന് പരിചയപ്പെടുത്തിക്കൊടുത്തത് വർഷത്തിലൊരിക്കൽ മാതാപിതാക്കൾക്കൊപ്പമുള്ള അവധിക്കാല യാത്രകളാണ്. അത്തരത്തിൽ അവസാനം പരിചയപ്പെട്ടതും പരീക്ഷിച്ച് വിജയിച്ചതുമായ വിഭവമാണ് അറേബ്യൻ വിഭവമായ കുനാഫ!

ചെന്നൈ വൈറ്റ് ഗോൾഡ് മോണ്ടിസോറി സ്കൂളിൽ ഒന്നാം തരം വിദ്യാർത്ഥിയായ ഹയാൻ അബ്ദുല്ല നിരവധി ഓൺലൈൻ പാചക മത്സരങ്ങളിൽ സമ്മാനങ്ങൾ കരസ്ഥമാക്കിയിട്ടുണ്ട്. ഉമർ ഖാദി പരമ്പരയിൽ പെട്ട ഉമ്മയുടെ സ്വദേശമായ മാറഞ്ചേരി

## ഒട്ടകപ്പക്ഷി

ഏറ്റവും വലിയ പക്ഷി
ഏറ്റവും ആയുസ്സുള്ള പക്ഷി
ഏറ്റവും വലിയ മുട്ടയിടുന്ന പക്ഷി
ഏറ്റവും വലിയ കണ്ണുള്ള പക്ഷി
ഏറ്റവും വേഗതയിൽ ഓടുന്ന പക്ഷി



▸▸ ഇന്ത്യയിലെ ആദ്യത്തെ കമ്യൂണിസ്റ്റ് മുഖ്യമന്ത്രി– ഇ.എം.എസ്




യിൽ നടന്ന രണ്ടാമത് മാറഞ്ചേരി ഫെസ്റ്റിൽ പാചകകലയിലെ മിടുക്കിന് ഹയാന് ആദരം നൽകുകയുണ്ടായി.

പാചകത്തെപ്പോലെ ഫുട്ബോളിനെയും ഏറെ ഇഷ്ടപ്പെടുന്ന, മെസ്സിയുടെ അതിരറ്റ ആരാധകനായ ഹയാന് നല്ലൊരു ഫുട്ബോൾ കളിക്കാരനാവാനാണ് ആഗ്രഹം. ഫുട്ബോൾ അക്കാദമിയിൽ ചേർന്ന് അതിനുള്ള ശ്രമങ്ങൾ തുടങ്ങിക്കഴിഞ്ഞു.

പാചക കല കുഞ്ഞുപ്രായത്തിൽ സ്വായത്തമാക്കിയതുപോലെ മൈതാനത്ത് കാലുകൾ കൊണ്ട് മായാജാലം തീർക്കാനും ഹയാന് കഴിയുമെന്ന് ആശിക്കാം. അതോടൊപ്പം വേണ്ടെന്ന് പറയാനുള്ളതല്ല കുഞ്ഞുങ്ങളിലെ ഓരോ ആഗ്രഹങ്ങളെന്നും മാതാപിതാക്കൾക്ക് അറിഞ്ഞിരിക്കാം.

## ബാരോ മീറ്റർ

അന്തരീക്ഷ മർദ്ദം അളക്കാനുള്ള ഉപകരണമാണ് ബാരോ മീറ്റർ. മെർക്കുറി (രസം) ഉപയോഗിച്ചുള്ള ആദ്യത്തെ ബാരോ മീറ്റർ വികസിപ്പിച്ചെടുത്തത് ഇറ്റലിക്കാരനായ ഇവാഞ്ചലിസ്റ്റ് ടോറി സെല്ലി ആണ്.




▸▸ ഭൂമികുലുക്കത്തിന്റെ തീവ്രത രേഖപ്പെടുത്താൻ ഉപയോഗിക്കുന്ന ഉപകരണം– റിക്ടർ സ്കെയിൽ

പ്രിയപ്പെട്ട കൂട്ടുകാരെ,

പരീക്ഷാകാലമാണല്ലോ വരാൻ പോകുന്നത്. എല്ലാവരും അതിന്റെ പിരിമുറുക്കത്തിലായിരിക്കും അല്ലേ.. പരീക്ഷക്ക് നല്ല തയ്യാറെടുപ്പ് നടത്തിയാൽ അങ്ങനെ ടെൻഷനടിക്കേണ്ട കാര്യമൊന്നുമില്ല. എല്ലാവർക്കും നല്ലവണ്ണം പരീക്ഷയെഴുതാൻ കഴിയട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

പരീക്ഷാ കാലത്ത് കൂട്ടുകാരിൽ പലരും കുറച്ച് നേരത്തേ പഠിച്ചു തുടങ്ങുകയായിരുന്നേൽ നന്നായേനെ എന്ന് ചിന്തിക്കുന്നുണ്ടാകും, അല്ലേ? പിന്നെ പഠിക്കാം എന്നു കരുതി മാറ്റിവെക്കുന്നത് ഒടുവിൽ നമുക്ക് നല്ല ഭാരമായി മാറുകയാണ് ചെയ്യുക. എന്തായാലും പരീക്ഷക്ക് തൊട്ടുമുമ്പുള്ള സ്റ്റഡീലീവ് ശരിയാംവണ്ണം ഉപയോഗിക്കുക. എന്നിട്ട് വളരെ ആത്മവിശ്വാസത്തോടെയാവണം പരീക്ഷ എഴുതേണ്ടത്.

പരീക്ഷകളിൽ ഉന്നത വിജയം നേടാനും സർഗാത്മക മേഖലകളിൽ മികച്ച പ്രകടനം കാഴ്ചവെക്കാനും എല്ലാ കൂട്ടുകാർക്കും കഴിയട്ടെ.

കോഡിനേറ്റർ

**• മലർവാടി ബാലസംഘം**




▸▸ കേരളത്തിലെ ആദ്യത്തെ സ്ത്രീധനരഹിത പഞ്ചായത്ത്– നിലമ്പൂർ